(എച്ച്) പാലത്തിനു പൊക്കം കുറഞ്ഞുപോയതുകൊണ്ടു് ഇരുവശവും റോഡു് വളരെയധികം വെട്ടി താഴ്ത്തേണ്ടതായി വന്നിട്ടുണ്ടോ;

(ഐ) ടി പാലത്തിന്റെ plan and design ഉണ്ടാക്കിയതു് ഏതുദ്യോഗസ്ഥനാണു്?

ഉത്തരം.

(എ) കുറുപ്പഴ കനാൽ തുറക്കുന്നതിനു് ഇനിയും ഉദ്ദേശം രണ്ടു കൊല്ലം താമസം വരും.

(ബി) ഉണ്ടു്.

(സി) തൽക്കാലം വേണ്ട നടപടി സ്വീകരിക്കാൻ കോട്ടയം എക്സിക്യൂട്ടീവു് എൻജിനീയരോടു് ആവശ്യപ്പെട്ടിട്ടുണ്ടു്.

(ഡി) അല്ല. കരാറുകാരന്റെ പണി തീരാത്തതുകൊണ്ടാണു് കനാൽ തുറക്കാത്തതു്.

(ഇ) ആറുമാസമായി.

(എഫ്) 2400 അടി.

(ജി) 17,850. രൂപ

(എച്ച്) പാലത്തിനു്, രണ്ടുവശത്തുമുള്ള റോഡു് ലവലിൽനിന്നു് പൊക്കം കുറവായതിനാൽ റോഡുവെട്ടി താഴ്ത്തേണ്ടതായി വന്നിട്ടുണ്ടു്.

(ഐ) ചീഫ് എൻജിനീയരാണു്.

ഇലക്ട്രിക് എക്സ്റ്റൻഷൻ

108. [49] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനിക്കാട്ടിലേക്കുള്ള ഇലക്ട്രിക്കു് എക്സ്റ്റൻഷന്റെ വല്ല പണിയും ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്താണു്;

(സി) എന്നത്തേക്കു് പ്രസ്തുത പണി ആരംഭിക്കും?

ഉത്തരം.

(എ) ആനിക്കാട്ടിലേക്കു് ഇലക്ട്രിക്കു്ലൈൻ നീട്ടുന്ന പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി. സി.) ചോദ്യം ഉദിക്കുന്നില്ല.

ഇലക്ട്രിക്കു് സബ്ബു് സ്റ്റേഷനു് സ്ഥലം.

109. [51] ശ്രീ. എം. എം മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ മീന്തലക്കരയുള്ള സി. എം. എസ്സു്. വക സ്ഥലം ഇലക്ട്രിക്കു് സബ്ബുസ്റ്റേഷനായി പൊന്നുംവിലയ്ക്കെടുക്കുവാൻ ഗവണ്മെന്റു് ശ്രമിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ഥലം എടുക്കുന്നതിനെപ്പറ്റി അവിടെ കുടികിടപ്പുകാരായ പലയർ പരാതിപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ–ബി) തിരുവല്ലായിൽ ഒരു ഇലക്ട്രിക്ക് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനു് തീപ്പനി മിഷൻ കമ്പനിയിൽനിന്നും കുറച്ചു സ്ഥലം എടുക്കുന്നതിനു് ഗവണ്മെൻറ തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്തുള്ള കുടികിടപ്പുകാരുടെ പരാതിയെ പരിഗണിച്ചു് പ്രസ്തുത തീരുമാനം തല്ക്കാലം നിറുത്തിവയ്ക്കുകയും പകരം സൗകര്യമായ മറെറാരു സ്ഥലം കിട്ടുമോ എന്നു് അന്വേഷിച്ചുകൊണ്ടിരിക്കുകയുമാണു്.

ബാസ്റ്റോ റോഡു്.

110. [52] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാസ്റ്റോ റോഡു് 2-ാമത്തെ സെക്ഷൻ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ എവിടെവരെ മെയിൻറനൻസു നടത്തി;

(ബി) ടി റോഡിൻെറ കിഴക്കേയറ്റം ഉദ്ദേശം അരമൈൽ മെയിൻറനൻസു് നടത്താതിരിക്കാൻ കാരണമെന്താണു്; ആ ഭാഗം നന്നാക്കിയിട്ടു് എത്ര വർഷമായെന്നു് ഗവണ്മെൻറിനറിവുണ്ടോ; ആ ഭാഗം ഈ ആണ്ടിലെങ്കിലും നന്നാക്കാൻ ദയവുണ്ടാകുമോ;

(സി) പ്രസ്തുത റോഡിൻെറ അവസാനഭാഗം മെയിൻറനൻസു നടത്തിയിട്ടു് വളരെക്കാലങ്ങളായതുകൊണ്ടു് അയൽവസ്തു ഉടമസ്ഥന്മാർ കൈവശപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അയൽവസ്തു ഉടമസ്ഥന്മാർ കൈവശപ്പെടുത്തിയ ഭാഗങ്ങൾകൂടി എടുത്തു് റോഡിൻെറ മെയിൻറനൻസു് ഈ ആണ്ടിലെങ്കിലും നടത്താൻ കൽപന ഉത്തരവു കൊടുക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ആദ്യത്തെ അഞ്ചരമൈൽ നീളം മെയിൻറനൻസു നടത്തി.

(ബി) പ്രസ്തുത ഭാഗത്തിൽ അറ്റകുറ്റം ഒന്നും ഇല്ലാതിരുന്നതിനാലും അവിടെ വാഹനഗതാഗതമില്ലാത്തതിനാലും മെയിൻറനൻസു് നടത്തിയില്ല. ആ ഭാഗത്തു് ഈ വർഷത്തിൽ ആവശ്യമുള്ള വേലകൾ ചെയ്യുന്നതാണു്.

(സി) കൈവശപ്പെടുത്തിയിട്ടുള്ളതായി അറിവില്ല.

(ഡി) ആവശ്യമുള്ള മെയിൻറനൻസു് വേലകൾ ചെയ്യുന്നതിനു് വേണ്ട നിർദ്ദേശം കൊടുക്കുന്നതാണു്.

Labourers working in the Mineral Companies.

111. [55] SHRI T. T. DANIEL: Will the Minister for Industries be pleased to state:

(a) the number of labourers who are working in the Mineral companies at Manavalakurichi;

(b) how many Trade Unions are working among these labourers; their names and also the number of members in each Union; and

LIBRARY ARCHIVES Kerala Legislative Assembly